അധികാര വികേന്ദ്രീകരണം

116 [121] ശ്രീ. ടി. കെ. ബാലൻ:

" കെ. രാധാകൃഷ്ണൻ:

" കെ. വി. കുഞ്ഞിരാമൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ, അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതുവഴി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ നിലവിലുണ്ടായിരുന്ന വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട അധികാരങ്ങളാണ് സർക്കാർ നേരിട്ടുള്ള നിയന്ത്രണത്തിലേക്ക് തിരിച്ചെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇപ്രകാരം സർക്കാർ തിരിച്ചെടുത്ത അധികാരങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഇ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തുണ്ടായിട്ടുള്ള വികസനം വിലയിരുത്തി സർക്കാർ തിരിച്ചുപിടിച്ച അധികാരങ്ങൾ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി 52.13 കോടി രൂപ നഗരപാലിക സ്ഥാപനങ്ങൾക്കും 273.66 കോടി രൂപ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്കും മെയിന്റനൻസ് ഗ്രാന്റായി നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളുടെ പ്രവർത്തനത്തിനായി പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് 174.15 കോടി രൂപയും നഗരപാലിക സ്ഥാപനങ്ങൾക്ക് 31.17 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റായും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട അധികാരങ്ങളൊന്നും സർക്കാർ നിയന്ത്രണത്തിലേയ്ക്ക് തിരിച്ചെടുത്തിട്ടില്ല. ഇറിഗേഷൻ ആക്ടിലെ 'മൈനർ ഇറിഗേഷന്റെ' നിർവചനത്തിൽ വ്യത്യാസം വന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ജലസേചന പദ്ധതികളുടെ പരിധിയിൽ കുറവു വന്നിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

വീടുകൾക്ക് നികുതി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

117 [122] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല ഭരണ സംവിധാനത്തിൻ കീഴിലുള്ള വീടുകൾക്ക് നികുതി ഈടാക്കുന്നത് സംബന്ധിച്ച് പുതിയ മാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതുപ്രകാരം എന്നത്തേക്ക് പുതിയ നികുതി ഈടാക്കിത്തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പഞ്ചായത്തുകളുടെ കേസുകൾ നടത്തുന്നതിന് വക്കീലിന് നിശ്ചയിച്ചിരിക്കുന്ന ഫീസ്

118 [123] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്കായി കേസ്സുകൾ നടത്തുന്നതിന് വക്കീലിനെ ഏർപ്പെടുത്തുന്നതിന് സർക്കാർ ഫീസ് നിശ്ചയിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly